MR. K. A. MATHEW : സർ, ഞാൻ ഒരു ഷോർട്ട് നോട്ടീസ്സു ക്വസ്റ്റ്യൻ അയച്ചിരുന്നു. അതിനു മറുപടി പറയുമോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : The question has been disallowed. You will get a reply why it has been disallowed.

അജൻറായിലെ അടുത്ത ഐറ്റത്തിലേയ്ക്ക് പ്രവേശിക്കുന്നതിനു മുൻപ് ഒരു സ്റ്റേറ്റുമെൻറു പുറപ്പെടുവിക്കാനുണ്ട്. ഞാൻ ഈ ഹൗസിൻെറ പ്രസിഡൻറായതുകൊണ്ടു ഇൻഡ്യൻകാൺസ്റ്റിറ്റ്യൂവൻറ് അസംബ്ലിയിലെ എൻെറ മെമ്പർസ്ഥാനം ഞാൻ രാജിവച്ചിരിക്കുന്നു. ആ ഒഴിവിൽ ഒരാളെ തിരഞ്ഞെടുക്കണമെന്നു ഗവൺമെൻറിൽനിന്നും ആവശ്യപ്പെട്ടിരിക്കുന്നതിനാൽ അതിലേക്കുള്ള നാമനിർദ്ദേശം ഈ മാസം 24-ാംനു 12 മണിക്കു മുൻപു കിട്ടേണ്ടതാണ്. ആവശ്യമെന്നു കണ്ടാൽ അന്നു തന്നെകിട്ടുതന്നെ തിരഞ്ഞെടുപ്പു നടത്തുന്നതായിരിക്കും.

MR. KALATHIL VELAYUDHAN NAIR (*Changanachery II—General*) : ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂവൻറു അസംബ്ലിയിൽനിന്നു രാജിവച്ചാൽ അതു അവിടെ അംഗീകരിച്ച വിവരം പ്രസിദ്ധപ്പെടുത്തിയശേഷമല്ലാതെ തിരഞ്ഞെടുപ്പു നടത്തേണ്ട ആവശ്യമുണ്ടോ ?

MR. PRESIDENT : കഴിഞ്ഞ പ്രാവശ്യം ഇതുപോലെയാണു ചെയ്തതു്. അവിടെനിന്നും എഴുതിവരുന്നതുവരെ ഇവിടെ തിരഞ്ഞെടുപ്പു നടത്താൻ താമസിപ്പിച്ചാൽ മെമ്പർക്കു അവിടെ ഹാജരാകാൻ താമസമുണ്ടാകും. അതുകൊണ്ടു അവരുടെ സാങ്ഷൻ ഞാൻറിസിപ്പേറു ചെയ്തുകൊണ്ടു തിരഞ്ഞെടുപ്പു നടത്തുകയാണു്.

MR. K. VELAYUDHAN NAIR : വേക്കൻസി, ഉണ്ടാകുന്നതിനുമുൻപു തിരഞ്ഞെടുപ്പു നടത്തുന്നതു ശരിയാണോ?

MR. PRESIDENT : വേക്കൻസി ഉണ്ടായിക്കഴിഞ്ഞു. രാജി സ്വീകരിച്ചു തിരഞ്ഞെടുപ്പു നടത്തണമെന്നു ഇവിടെ എഴുതി വരുന്നതിനു കാലതാമസം വരും. അതിനു മുൻപു തിരഞ്ഞെടുപ്പു് നടന്നില്ലെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടവർക്കു അവിടെ തക്ക സമയത്തു ഹാജരാകാൻ പ്രയാസമായിരിക്കും. അതുകൊണ്ടു സൗകര്യത്തിനുവേണ്ടി ഇങ്ങനെ ചെയ്യുന്നതാണു്.

RESOLUTIONS

Resolution re: Monthly Session of the Legislature.

MR. MOHAMMED MUSTAFA : സർ, താഴെക്കാണുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു:—"പാർലമെൻററി സമ്പ്രദായമനുസരിച്ചുള്ള മന്ത്രിസഭ, ഭരണം നിർവ്വഹിക്കുന്ന ഈ സന്ദർഭത്തിൽ പൊതുജനാഭിപ്രായവും

LIBRARY ARCHIVES Kerala Legislative Assembly

താല്പര്യവും ശരിയായി പ്രതിഫലിപ്പിക്കുന്നതിനും, ഭരണാധികാരികളെ സഹായിക്കുന്നതിനും നിയമസഭയുടെ സാധാരണത്തക്കവിധം മാസത്തിലൊരിക്കലെങ്കിലും മൂന്നു ദിവസങ്ങളിൽ കുറയാതെ, തിരുവിതാംകൂർ നിയമസഭ കൂടേണ്ടതാണെന്നു ഈ സഭ അഭിപ്രായപ്പെടുന്നു."

സർ, ഈ നിയമസഭ സംഘടിപ്പിച്ചതിനുശേഷം ഇതുവരെ ഉണ്ടായിട്ടുള്ള അനുഭവങ്ങൾ വച്ചുകൊണ്ടു നോക്കിയാൽ ഈ നിശ്ചയം ആവശ്യം തന്നെന്നാണ് എനിക്കു തോന്നുന്നതു്. സാധാരണയായി ജനായത്തതത്വമനുസരിച്ചു് ഭരണം നടത്തുന്ന പാശ്ചാത്യരാജ്യങ്ങളിലെല്ലാംതന്നെ അവിടങ്ങളിലെ പാർലമെൻറുകൾ തുടർച്ചയായി കൂടിക്കൊണ്ടിരിക്കുന്നതായിട്ടാണു് അറിയുന്നതു്. ജനകീയഭരണം ശരിയായി നടക്കണമെങ്കിൽ ജനങ്ങളുടേയും ജനപ്രതിനിധികളുടേയും അഭിപ്രായങ്ങൾ എല്ലാ കാര്യങ്ങളിലും ശരിയായി പുറപ്പെടുവിക്കുന്നതിനുള്ള അവസരം അവർക്കു ലഭിക്കേണ്ടതാണു്. പാശ്ചാത്യരാജ്യങ്ങളിലെല്ലാം തുടർച്ചയായി പാർലമെൻറുകൾ കൂടുകയും ഒഴിവുകാലത്തു് ചില സന്ദർഭങ്ങളിൽമാത്രം പിരിയുകയുമാണു് പതിവു്. എന്നാൽ ഇവിടെ അതുവരെ തുടർച്ചയായി കൂടേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇവിടത്തെ ഇപ്പോഴത്തെ സംപ്രദായം നോക്കുന്നപക്ഷം മുമ്പു് ഒരു സ്വേച്ഛാധിപതി ഭരണം നടത്തിക്കൊണ്ടിരുന്നകാലത്തു് ഉണ്ടായിരുന്ന ഒരു രീതിതന്നെ ഇപ്പോഴും തുടർന്നുകൊണ്ടുവരുന്നതായിട്ടാണു് കാണുന്നതു്. അതു മാറ്റി പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ അപ്പോഴപ്പോൾ വേണ്ടവിധത്തിൽ പ്രകടിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും പര്യാപ്തമായ ഒരു പരിതഃസ്ഥിതി ഉണ്ടാക്കാനായിട്ടാണു് ഞാൻ ഈ പ്രമേയം ഹാജരാക്കുന്നതു്. ഉദാഹരണമായി ഈ നിയമസഭ ഉണ്ടാകുകയും ഒരു മന്ത്രിസഭ ഉണ്ടാകുകയും ചെയ്തതിനുശേഷം മന്ത്രിസഭയെ സംബന്ധിച്ചു് ചില സംഭവവികാസങ്ങൾ ഉണ്ടായിട്ടുണ്ടു്. എന്നാൽ ആ അവസരങ്ങളിൽ എല്ലാം ഈ സംഭവവികാസങ്ങൾ ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ എന്താണെന്നു പൊതുജനങ്ങളെ ശരിയായി അറിയിക്കുന്നതിനു സാധിച്ചിട്ടില്ല. നിയമസഭ ഈ അവസരത്തിൽ കൂടിക്കൊണ്ടിരിക്കുമായിരുന്നു എങ്കിൽ അതുസംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും പുറത്തുകൊണ്ടുവരുന്നതിനു് ഈ സഭയിലെ മെംബറന്മാർക്കു് സാവകാശം ലഭിക്കുമായിരുന്നു. അതുപോലെ എല്ലാ ഭരണകാര്യങ്ങളിലും സന്ദർഭോചിതമായി അഭിപ്രായപ്രകടനങ്ങൾ നടത്തുന്നതിനുള്ള അവസരം ഈ സഭയിലെ അംഗങ്ങൾക്കു് ലഭിക്കണമെന്നുള്ളതാണു് എന്റെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Mohammed Mustafa.]

നിശ്ചയംകൊണ്ട് പ്രധാനമായി ഉദ്ദേശിക്കുന്നത്. ഈ തത്വത്തോട് ഈ സഭയിലെ എല്ലാ അംഗങ്ങളും പരിപൂർണ്ണമായി യോജിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്. അതുകൊണ്ട് ഈ പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കണമെന്നപേക്ഷിച്ചുകൊണ്ട് ഈ പ്രമേയം അവതരിപ്പിച്ചു കൊള്ളുന്നു.

MR. ABDUL AZIZ: സർ, ഈ പ്രമേയത്തിന്റെ തത്വത്തോട് ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. സാധാരണയായി നിയമസഭ എന്നു പറഞ്ഞാൽ ഇന്നലെവരെയും നാം മനസ്സിലാക്കിയിരുന്നത്, ഒരു ഏകാധിപതിയുടെ ഭരണസംപ്രദായമനുസരിച്ച്, ആ ആളിന്റെ അഭിപ്രായപ്രകാരം കാര്യങ്ങൾ നടത്തിക്കൊണ്ടുപോകത്തക്കവണ്ണമുള്ള കുറെ സാമാജികന്മാർ ഒരു സ്വേച്ഛാധിപതിയുടെകീഴിൽ നടത്തിക്കൊണ്ടു പോന്നിരുന്ന ഒരു സമ്മേളനം എന്നാണ്. ശരിയായി പറയുന്ന പക്ഷം അതു ഒരു അഭിനയംതന്നെയായിരുന്നു. ഞാൻ ഈ പറയുന്നത് കഴിഞ്ഞ കാലത്തെ നിയമസഭയെപ്പറ്റിയാണ്. ഇന്നു ആ രീതി മാറുകയും ജനകീയഭരണം അതിന്റെ യഥാർത്ഥരൂപത്തിൽ കൈവരുകയും ചെയ്തിരിക്കുന്നു. ഈ സന്ദർഭത്തിൽ, മുമ്പു നടന്നമാതിരിയുള്ള നിയമസഭകൊണ്ട് പൊതുജനങ്ങൾക്ക് യാതൊരുവിധമായ ഗുണവും ഉണ്ടായിരുന്നില്ല എന്നുള്ളതു ഞാൻ പറയാതെതന്നെ ബഹുമാനപ്പെട്ട മെംബറന്മാർക്ക് അറിവുള്ളതാണ്. ഇന്നു ഇവിടെ നിലവിലിരിക്കുന്നത് ഒരു ജനകീയഭരണമാണു. ജനപ്രതിനിധികൾതന്നെ ഭരണം നടത്തുന്നു. അപ്പോൾ ഗവണ്മെൻറും ജനപ്രതിനിധികളും ജനങ്ങളോട് വളരെ ഉത്തരവാദിത്വമുള്ളവരായിത്തീർന്നിരിക്കുകയാണ്. അതുകൊണ്ട് പാർലമെൻററി നിയമമനുസരിച്ചു കഴിയുന്നതുപ്രാവശ്യം നിയമസഭകൾ വിളിച്ചുകൂട്ടുന്നതിനു ഇന്നത്തെ മന്ത്രിസഭ വേണ്ട വ്യവസ്ഥകൾ ചെയ്യേണ്ടതാണ്.

ഡെമോക്രസിപ്രവർത്തനം നടത്തുന്ന എല്ലാ രാജ്യങ്ങളിലും ഇപ്രകാരം നിയമസഭകൾ വിളിച്ചുകൂട്ടുന്നതായി നാം കണ്ടുവരുന്നുണ്ട്. ബ്രിട്ടിഷ് പാർലമെൻറാണെങ്കിലും അമേരിക്കൻ കാൺഗ്രസ്സാണെങ്കിലും, അതുപോലെയുള്ള നിയമസഭകളുള്ള എല്ലാ സ്ഥലങ്ങളിലും എപ്പോഴും നിയമസഭ കൂട്ടുകയും ചിലപ്പോൾ അവധിക്കാലത്തുമാത്രം മാറ്റിവയ്ക്കുകയുമാണ് ചെയ്യുന്നതെന്ന് നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. ഇവിടെ നേരെമറിച്ച് എപ്പോഴും അവധിയാണ്. ആ നിലമാറി കൂടെക്കൂടെ

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ വിളിച്ചുകൂട്ടേണ്ടതു് ഒരു ആവശ്യമായിത്തീർന്നിരിക്കുകയാണു്. ഉദാഹരണമായി ഈ ഹ്രസ്വകാലഅളവിൽതന്നെ ഇവിടെ ഉണ്ടായ സംഭവവികാസങ്ങൾ നാം എല്ലാം അറിഞ്ഞിട്ടുണ്ടു്. അതിനുള്ള കാര്യകാരണങ്ങൾ പൊതുജനപ്രതിനിധികളായ നമുക്കുപോലും അറിയാൻ സാധിച്ചിട്ടില്ല. നേരെമറിച്ചു് ഒരു നിയമസഭ വിളിച്ചുകൂട്ടിയിരുന്നെങ്കിൽ ആ സംഭവവികാസങ്ങളുടെ പൂർണ്ണവിവരങ്ങൾ നമുക്കറിയുന്നതിനും അതുമൂലം പൊതുജനങ്ങൾക്കും അറിയുന്നതിനു് സാധിക്കുമായിരുന്നു. അതിനുംപുറമെ ജനങ്ങളെ പ്രതിനിധീകരിക്കുന്ന ബഹുമാനപ്പെട്ട മെംബറന്മാർക്കും അവരുടെ ഉത്തരവാദിത്വം ശരിക്കു് അറിഞ്ഞു് പ്രവർത്തിക്കുന്നതിനും, നിയമസഭ കൂടക്കൂടെ കൂടുന്നതു് ആവശ്യമാണു്. നിയമസഭാസാമാജികന്മാർ അവരുടെ ചുമതലയുടെ തികവും മനസ്സിലാക്കി പ്രവർത്തിക്കേണ്ടതും ആവശ്യമാണു്. അങ്ങനെയുള്ള പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോയാൽ, അപ്പഴപ്പോൾ നിയമസഭ കൂടുന്നതുകൊണ്ടു് ഗവണ്മെൻറിന്റെ പ്രവർത്തനങ്ങളും രീതികളും ജനപ്രതിനിധികൾ അറിയുന്നതിനും, അതു് പൊതുജനങ്ങളെ അറിയിക്കുന്നതിനും ഉള്ള സന്ദർഭങ്ങൾ ലഭിക്കുകയും ചെയ്യും. അതുപോലെതന്നെ പൊതുജനങ്ങളുടെ സങ്കടങ്ങളും ആവശ്യങ്ങളും ഗവണ്മെൻറിനെധരിപ്പിച്ചു്, അതിനു് കഴിവുള്ള നിവൃത്തിമാർഗ്ഗം ഉണ്ടാക്കുന്നതിനുള്ള സൗകര്യങ്ങളും ലഭിക്കും. അങ്ങനെയാണെങ്കിൽ മാത്രമേ നമ്മോടു് ജനങ്ങൾക്കു് ബഹുമാനം ഉണ്ടാവുകയുള്ളൂ. അപ്പോൾ ഗവണ്മെൻറും ജനങ്ങളുമായുള്ള സമ്പർക്കം പുലർത്തുന്നതിനുള്ള സൗകര്യം ലഭിക്കുകയും അതുമൂലം, ഗവണ്മെൻറു് അംഗീകരിച്ചിട്ടുള്ള തത്വങ്ങളും നയങ്ങളും മാറേണ്ട ആവശ്യം വരുമ്പോൾ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനു ഗവണ്മെൻറിനു് സാധിക്കുന്നതുമാണു്. ഗവണ്മെൻറിന്റെ നയം, പൊതുജനങ്ങളുടെ അഭിപ്രായമനുസരിച്ചു് കൂടക്കൂടെ മാറേണ്ടിവരുന്ന ഒരു പരിതഃസ്ഥിതി സംജാതമാകണമെന്നുള്ളപക്ഷം, നിയമസഭ കൂടക്കൂടെ കൂടിക്കൊണ്ടിരിക്കേണ്ടതാണു്. കൂടാതെ, ഗവണ്മെൻറു ചെയ്യേണ്ടതായ ജോലികൾ സൂക്ഷ്മമായും പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ അനുരഞ്ജനംചെയ്തുകൊണ്ടും, നിർവഹിക്കുന്നതിനു് അതുമൂലം കഴിയുന്നതാണു്. ഇന്നു ഡെമോക്രസി നടപ്പുള്ള ഗവണ്മെൻറുകൾ എല്ലാം അപ്രകാരമുള്ള ഭരണമാണു് നടത്തിക്കൊണ്ടുപോരുന്നതു്. പൊതുജനങ്ങൾ നമ്മെ തിരഞ്ഞെടുത്തപ്പോഴും ഈ ഗവണ്മെൻറു് ഭരണഭാരം ഏറ്റെടുത്തപ്പോഴും ഇത്തരം അഭിലാഷങ്ങൾ പുറപ്പെടുവിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Abdul Aziz.]

ഇതിനെല്ലാം ഉപരിയായി എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്, സാധാരണ അധികാരം കൈവരുമ്പോൾ അവരുടെ സഹജമായ സ്വഭാവത്തിനു മാറ്റമുണ്ടാകുന്ന ഒരു മനഃസ്ഥിതി—ഒരു അധികാരവർഗ്ഗമനഃസ്ഥിതി—ഈ മന്ത്രിമാർക്ക് ഉണ്ടാകുന്നു എന്നുള്ളതാണ്. ആ മനസ്ഥിതി ഉണ്ടാകാൻ പാടില്ലെന്നാണ് എനിക്ക് പറയാനുള്ളത്. പ്രത്യേകിച്ചും മന്ത്രിസഭയിലെ അംഗങ്ങളും നിയമസഭയിലെ പൊതുജന പ്രതിനിധികളുമായി എപ്പോഴും സമ്പർക്കത്തിൽ ഇരിക്കേണ്ടതും ആ അധികാരവർഗ്ഗമനസ്ഥിതി ഉപേക്ഷിക്കേണ്ടതുമാണ്. മന്ത്രിമാർ തങ്ങളുടെ നില മനസ്സിലാക്കിപ്പെരുമാറേണ്ടതാണ്. അതുപോലെതന്നെ, നിയമസഭയുടെ പ്രവർത്തനം അപ്പോഴപ്പോൾ വളരെ ശരിയായി നടത്തിക്കൊണ്ടുപോകുന്നതിനും, നിയമസഭ കൂടക്കൂടെ വിളിച്ചുകൂട്ടുന്നതു് സൗകര്യമായിരിക്കും. മാത്രമല്ല അങ്ങനെയായാൽ കാര്യങ്ങൾ വളരെ ഭംഗിയായി നടക്കുകയുംചെയ്യും. മുൻകാലങ്ങളിലെപ്പോലെ ഏതെങ്കിലും നിവേദനമോ മറ്റോ കൊണ്ടുചെല്ലുകയോ നിയമസഭയിൽ ചോദ്യം ചോദിക്കുകയോ ചെയ്യാൽ, ഗവണ്മെൻറ് അതു് ഗാഢമായി ശ്രദ്ധയിൽപ്പെടുത്തിയിരിക്കുകയാണ് എന്നുംമറ്റും പറഞ്ഞു് ഒഴിഞ്ഞുമാറാൻ സാധിക്കാത്ത ഒരു പരിതഃസ്ഥിതിയും വന്നുചേരും. ഗവണ്മെൻറിന്റെ ഗാഢമായ ശ്രദ്ധയിൽപ്പെട്ടിരിക്കുന്ന സംഗതികളെ സംബന്ധിച്ചു, ഉടനടി വേണ്ടതു പ്രവർത്തിക്കണമെന്നുള്ള ഒരു പ്രവർത്തനമനഃസ്ഥിതിയും ഗവണ്മെൻറിനുണ്ടാകുന്നതാണ്. അങ്ങനെയുള്ള ഒരു പരിതഃസ്ഥിതി സംജാതമാക്കാൻ ഈ നിയമസഭ കൂടക്കൂടെ കൂടേണ്ടതാവശ്യമാണ്. സാധാരണയായി ജനകീയസംപ്രദായമനുസരിച്ചുള്ള ലാക്കുട്ടേം സെഷൻ കൂടുന്ന സമ്പ്രദായം ആഫ്രിക്കാ, ന്യൂസീലൻറ്, ആസ്ത്രേലിയ, ഈ രാജ്യങ്ങളിലും, അമേരിക്കയിലും, ടർക്കിയിലും നിയമസഭ എല്ലാ കാലത്തും പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. ഇങ്ങനെ നോക്കിയാൽ ഏറ്റവും പുരോഗമിച്ചിട്ടുള്ള എല്ലാ രാജ്യങ്ങളിലും ഇന്നു നിയമസഭ കൂടെക്കൂടെ കൂടിക്കൊണ്ടിരിക്കുന്നതായി കാണാം. ഈ സ്ഥിതിഗതികൾ വച്ചുകൊണ്ടു് നോക്കുന്നപക്ഷം മുമ്പു നടന്നിരുന്നതായ പ്രഥമസമ്പ്രദായം പരിപൂർണ്ണമായി ഈ രാജ്യത്തുനിന്നും മാറ്റി പൊതുജനങ്ങളുടെ അഭിപ്രായമനുസരിച്ചുള്ള ഭരണം നടത്തണമെന്നുണ്ടെങ്കിൽ നാമിപ്പോൾ ആണ്ടിൽ മൂന്നു തവണ എന്നുള്ള രീതി മാറ്റി മാസത്തിൽ ഒരിക്കലെങ്കിലും നിയമസഭ വിളിച്ചുകൂട്ടുന്നതിനുള്ള ഒരു പരിതഃസ്ഥിതി സൃഷ്ടിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. JOSEPH MALIECKAL (*Thodupuzha I—General*) : സർ, പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത് മാസത്തിൽ മുന്ന ദിവസമെങ്കിലും നിബന്ധമായി നിയമസഭ കൂടണമെന്ന് തെ വ്യവസ്ഥ ചെയ്യണമെന്നാണ്. ആ വ്യവസ്ഥ പല വിഷമങ്ങൾക്കും കാരണമായിത്തീരും. അതുകൊണ്ട് ഈ രൂപത്തിൽ പ്രമേയത്തെ സ്വീകരിക്കാൻ വിഷമമുണ്ടായി എന്നു വരാം. എന്നാൽ ഈ പ്രമേയത്തിന്റെ സ്പിരിട്ടിനോട് എല്ലാവരും യോജിക്കുമെന്നാണ് എന്റെ വിശ്വാസം. മുൻപ്രാസംഗികൻ പറഞ്ഞതുപോലെ ഈ നിയമസഭ ഗവണ്മെന്റിന് തെ ആപ്പൊസിഷൻ അയല്ല പ്രവർത്തിക്കേണ്ടത്. നേരെമറിച്ച് പൊതുജനങ്ങൾക്ക് സഹായകമായി ഗവണ്മെന്റിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനും മുന്നോട്ട കൊണ്ടുപോകുന്നതിനും സഹായിക്കുന്നതിനാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അതിലേക്ക് ആവശ്യമായ സംഗതികൾ നാം പ്രവർത്തിക്കണം. എന്നാൽ നിയമസഭയിൽ ഇന്നിരിക്കുന്ന ചട്ടങ്ങൾ അനുസരിച്ച് മാസത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം കൂടിയാലും നാം ഉദ്ദേശിക്കുന്ന ഗുണങ്ങൾ കിട്ടുമെന്ന് എനിക്ക വിശ്വാസമില്ല. ഇന്നത്തെ രൂപകം അനുസരിച്ചുനോക്കിയാൽ തെ നിയമസഭയുടെ നോട്ടീസ് പരസ്യപ്പെടുത്തിയതിനുശേഷമായിരിക്കുമെ ചോദ്യങ്ങൾ അയക്കാൻ നിവൃത്തിയുള്ളു. എന്നാൽ ചോദ്യങ്ങൾ അയക്കുന്നതു ഗവണ്മെന്റിനെ സംബന്ധിച്ചും മറ്റുദ്യോഗസ്ഥന്മാരെ സംബന്ധിച്ചുമുള്ള തെറ്റായ ധാരണകൾ നീക്കുന്നതിന് ഉപയോഗപ്പെടുന്ന തെ നടപടിയാണ്. ഈ ചോദ്യങ്ങൾക്ക് കഴിയുന്നിടത്തോളം മറുപടി പറഞ്ഞു പൊതുജനങ്ങളുടെ കാര്യങ്ങളുടെ യഥാർത്ഥ്യങ്ങൾ മനസ്സിലാക്കേണ്ടത് ഗവണ്മെന്റിന്റെ തെ ആവശ്യംകൂടിയാണ്. എന്നാൽ ഇന്നത്തെ നിലക്ക് ചോദ്യങ്ങൾ അയക്കുമ്പോൾ അതിനു ഇന്ന തീയതിയിൽ ഉത്തരം പറയണമെന്നുകൂടി നിർദ്ദേശിച്ചിരിക്കണമെന്നുണ്ട്. നിയമസഭായുടെ നോട്ടീസ് കൊടുക്കുന്നതിനുമുൻപ് ചോദ്യത്തിനു ഉത്തരം പറയേണ്ട ദിവസം നിർദ്ദേശിക്കുക സാധ്യമല്ലല്ലൊ? ഏതു ദിവസത്തിനു മുൻപ് ചോദ്യങ്ങൾ അയച്ചാൽ മതിയെന്നുണ്ട്. ചോദ്യങ്ങൾ കിട്ടിക്കഴിഞ്ഞാൽ അതു സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനും ഉത്തരങ്ങൾ വാങ്ങിക്കുന്നതിനുമായി പല ഡിപ്പാർട്ടുമെന്റുകളിലേക്കും എഴുതി അയക്കേണ്ടിവരും. സാധാരണ ജോലികളുടെ ഇടയിൽ സമയത്തിനു ഉത്തരങ്ങൾ ഡിപ്പാർട്ടുമെന്റിൽനിന്നും ഗവണ്മെന്റിലേക്ക് എത്തിച്ചുകൊടുക്കാൻ സാധിച്ചു എന്നു വരുന്നതല്ല. അങ്ങനെ വരുമ്പോൾ ആവശ്യപ്പെട്ട ചോദ്യങ്ങൾക്കെല്ലാം ഉത്തരം നൽകാൻ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Joseph Malieckal]

ഗവണ്മെൻറിനു സാധിക്കാതെപോകുന്നു. ഇതിനു ഡിപ്പാർട്ടുമെൻറുകളെ കുറ്റപ്പെടുത്തിയതുകൊണ്ടു പ്രയോജനമൊന്നുമില്ല. പ്രായോഗികമായി വിവരങ്ങൾ ശേഖരിച്ചു് ഉത്തരം നൽകാൻ കുറെ സമയം എടുക്കും. അതിനു ആവശ്യമുള്ള സമയം അവർക്കു് ഇപ്പോൾ കിട്ടുന്നില്ല. എന്നാൽ ഇങ്ങനെ ഉത്തരം നൽകാത്ത ചോദ്യങ്ങൾക്കു അടുത്ത സിറ്റിംഗിൽ ഉത്തരം പറയണമെന്നു് രൂളിൽ ഇല്ല. ഇപ്പോൾ ഒരു നിയമസഭ എട്ടോ പത്തോ ദിവസത്തേക്കു കൂടിക്കഴിഞ്ഞാൽ അതോടുകൂടെ അവസാനിക്കുകയാണു് ചെയ്യുന്നതു്. ഒരു ഫ ൦ ൦ ൦ ചോദ്യങ്ങൾ കിട്ടിയിട്ടുണ്ടെങ്കിൽ മറുപടി കൊടുക്കുന്നതു കൂടിയാൽ ഒരു ർ ൦ ൦ ചോദ്യങ്ങൾക്കായിരിക്കും. ബാക്കിയുള്ള ന്യാ ൦ ചോദ്യങ്ങൾക്കും ഉത്തരം പറയാതെ പോകുകയാണു് ചെയ്യുന്നതു്. ഒരു നിയമസഭ കഴിഞ്ഞു് അടുത്തതന്നെ മറൊരു നിയമസഭ കൂടിയാൽ, അതായതു് ഒന്നോ രണ്ടോ സിറ്റിംഗ് അടുപ്പിച്ചു നടത്തിയാൽ ആദ്യത്തെ സിറ്റിംഗിൽ ഉത്തരം പറയാത്ത ചോദ്യങ്ങൾക്കെല്ലാം രണ്ടാമത്തെ സിറ്റിംഗിൽ മറുപടി പറയാൻ കഴിയും. പിന്നൊന്നു് ചോദ്യങ്ങൾക്കു് വാംഗ്മൂലേണ മറുപടി പറയുന്നതിനു് മാത്രമേ ഇപ്പോൾ വ്യവസ്ഥചെയ്തിട്ടുള്ളു. ഒരാൾക്കു് ഒരു ദിവസം ൪ ചോദ്യങ്ങൾക്കേ ഉത്തരം കിട്ടുകയുള്ളു. അങ്ങനെ വാംഗ്മൂലമായി ഉത്തരം പറയാൻ സൗകര്യം ലഭിക്കാത്ത ചോദ്യങ്ങൾ എല്ലാം ഉത്തരം ഇല്ലാതെപോകുകയാണു് ചെയ്യുന്നതു്. നേരെമറിച്ചു് ഉത്തരങ്ങൾ എഴുതി കിട്ടിയാൽ മതിയെന്നുള്ള വ്യവസ്ഥയിൽ ചോദ്യങ്ങൾ അയക്കാമെന്നുണ്ടായിരുന്നാൽ ഓരോരുത്തർക്കും ആവശ്യമുള്ള ചോദ്യങ്ങൾ കൊടുത്തു് ഉത്തരങ്ങൾ വാങ്ങിക്കാമായിരുന്നു. അതു ഗവണ്മെൻറിനും വളരെ സൗകര്യമായിരിക്കും. എന്നാൽ ഇവിടുത്തെ രൂൾസ് ഇൻഡ്യൻ പാർലമെൻറു രൂൾസിനെ അനുകരിച്ചുള്ളതാണെന്നു പറഞ്ഞുകൂടാ. ഇൻഡ്യൻ പാർലമെൻറിലായാലും ബ്രിട്ടീഷ് പാർലമെൻറിലായാലും ചോദ്യങ്ങൾ അയക്കുമ്പോൾ ഇന്നദിവസം ഉത്തരം പറയണമെന്നു് നിർദ്ദേശിച്ചിരിക്കണമെന്നു് വ്യവസ്ഥയുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. മുമ്പൊക്കെ ചോദ്യങ്ങൾക്കുള്ള ഉത്തരം അച്ചടിച്ചു് മെമ്പറന്മാരുടെ മേശപ്പുറത്തു വയ്ക്കുകയായിരുന്നു പതിവു്. അതിനു പകരം ഇന്നു് ഞങ്ങളുടെ മേശകളെല്ലാംകൂടി ഒരുമിച്ചു് സെക്രട്ടറിയുടെ മേശയായിത്തീർന്നിരിക്കയാണു്. മേശമേൽ എന്നു പറഞ്ഞാൽ ഓരോ മെമ്പറുടേയും മേശമേൽ എന്നാണർത്ഥം എടുക്കേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. K. KUNJU: മുമ്പു അങ്ങനെയല്ലായിരുന്നോ ?

MR. JOSEPH MALIECKAL : മുമ്പ് അങ്ങനെയായിരുന്നു. എന്നാൽ ഇപ്പോൾ അങ്ങനെയല്ല.

HON'BLE MR. A. J. JOHN : ഈ നിയമസഭയുടെ രൂളകൾ ഭേദഗതി ചെയ്യുന്നതിനെപ്പറ്റിയാണോ സംസാരിക്കുന്നതെന്ന് അറിഞ്ഞാൽകൊള്ളാം.

MR. JOSEPH MALIECKAL : ഈ പ്രമേയത്തെപ്പറ്റി പറയുമ്പോൾ നിയമസഭ അടുപ്പിച്ചുവച്ചാൽമാത്രം പോരാ. അതിന്റെ ചട്ടങ്ങൾകൂടി ഒന്നു ഭേദപ്പെടുത്തിയാലേ ഉദ്ദേശിക്കുന്ന ഫലം കിട്ടുകയുള്ളു എന്നാണ് ഞാൻ പറയുന്നതു്.

HON'BLE MR. A. J. JOHN : ഇൻഡ്യൻ പാർലമെൻറിന്റെ ചട്ടങ്ങളാണ് ഇവിടെയും സ്വീകരിച്ചിട്ടുള്ളതെന്ന് അറിയാമോ ?

MR. JOSEPH MALIECKAL : ഇൻഡ്യൻപാർലമെൻറിന്റെ രൂൾസിൽ ചില അബദ്ധങ്ങൾ പറ്റിയിട്ടുണ്ട്. അതു സ്വീകരിച്ചതുകൊണ്ട് നമുക്കും ചില അബദ്ധങ്ങൾ പിണഞ്ഞിരിക്കുന്നു. ബ്രിട്ടീഷ് പാർലമെൻറിൽ ചോദ്യങ്ങൾ അയക്കുമ്പോൾ ഇന്നദിവസം ഉത്തരം പറയണമെന്ന് വ്യവസ്ഥ ഉണ്ടെങ്കിലും അവിടെ സിറ്റിംഗ്സ് തുടർച്ചയായി നടക്കുന്നതുകൊണ്ട് ഈ വിഷമങ്ങൾ ഉണ്ടാകുന്നില്ല. അതുകൊണ്ടു ഞാൻ പറയുന്നതു് ചോദ്യങ്ങൾ എപ്പോൾ വേണമെങ്കിലും അയയ്ക്കാൻ സൗകര്യം ഉണ്ടായിരിക്കണം. എല്ലാറ്റിനും ഉത്തരം അച്ചടിച്ചു് മേശമേൽ വയ്ക്കുകയുംവേണം. അത്യാവശ്യമുള്ളവർ സപ്ലിമെൻററി ചോദ്യങ്ങൾ ചോദിച്ചുകൊള്ളും. അപ്പോൾ ചോദ്യങ്ങൾക്കെല്ലാം ഗവണ്മെൻറുഭാഗത്തുനിന്നും മറുപടി പറയുന്നില്ല എന്നുള്ള പരാതി ഉണ്ടാകുകയില്ല. ഇങ്ങനെ നിയമസഭാനടപടികൾ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടത്തക്കവിധത്തിൽ രൂളുകളിൽ വേണ്ട ഭേദഗതികൾ വരുത്തണമെന്ന് പറഞ്ഞുകൊണ്ട് ഈ പ്രമേയത്തിന്റെ സ്പിരിറ്റിനോട് ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

MR. P. S. MOHAMMED : സർ, ഞാൻ ഈ പ്രമേയത്തോട് അനുകൂലിക്കുന്നതോടൊപ്പം പ്രമേയത്തിൽ മാസത്തിൽ ഒരിക്കലെങ്കിലും എന്നു പറഞ്ഞിരിക്കുന്നതിനെ മാറ്റി കഴിയുന്നതു മാസത്തിൽ ഒരിക്കൽ എന്നാക്കണമെന്ന ഒരു ഭേദഗതിക്കൂടി അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നു. അതിപ്പോൾ ആകാമോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : Yes, you can.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MOHAMMED: ഞാൻ ഈ പ്രമേയത്തിന്റെ തത്വത്തോട് പരിപൂർണ്ണമായി യോജിക്കുകതന്നെയാണ് ചെയ്യുന്നത്. എന്റെ സ്നേഹിതന്മാരിൽ ചിലർ ഇവിടെ പ്രസ്താവിച്ചപ്രകാരം ഇതിനു മുമ്പുണ്ടായിരുന്ന നിയമസമിതികളും ഈ സഭയുംതമ്മിൽ അജഗജാന്തരം ഉണ്ടെന്നുള്ള സംഗതിയിൽ സംശയമൊന്നുമില്ല. അന്ന് ഇന്നത്ത ഗവണ്മെൻറിന്റെ അടുക്കൽ ചില സംഗതികൾ ഉപദേശരൂപത്തിൽ പറയുകയും പ്രമേയങ്ങൾ പാസ്സാക്കുകയുംചെയ്താൽ മനസ്സുണ്ടെങ്കിൽ സ്വീകരിക്കും എന്നുള്ള ഒരു നിലയാണുണ്ടായിരുന്നത്. എന്നുമാത്രമല്ല ചില ഘർജികൾ അയച്ച് അഭ്യർത്ഥനകൾ പുറപ്പെടുവിക്കുന്നതിനുള്ള അവകാശമല്ലാതെ അന്നത്തെ ഗവണ്മെൻറിനെ നിയന്ത്രിക്കുന്നതിനോ അല്ലെങ്കിൽ നിയമസഭയുടെ തീരുമാനം നടപ്പിൽവരുത്തിപ്പിക്കുന്നതിനോ ഉള്ള അധികാരം നിയമസഭക്കില്ലായിരുന്നു. ഇന്നാണെങ്കിൽ അതിനു വിപരീതമായി ജനങ്ങൾ വളരെക്കാലംകൊണ്ട് ആഗ്രഹിച്ചിരുന്നപ്രകാരം ഇവിടെ ജനങ്ങൾതന്നെ അവരുടെ പ്രതിനിധികൾമുഖേന ഭരിക്കുന്നതിനുള്ള ഒരു സന്ദർഭമാണുണ്ടായിട്ടുള്ളത്. അന്ന് ലയിൽ ജനങ്ങളുടെ ആഗ്രഹങ്ങൾ അനുസരിച്ച് ഇവിടുത്തെ ഗവണ്മെൻറു മുന്നോട്ടു പോകണമെങ്കിൽ ആ ജനങ്ങളെ പ്രതിനിധീകരിക്കുന്നതായ ആളുകളുടെ നിർദ്ദേശം അവരുടെ പ്രതിനിധികളായി ഭരണം നടത്തുന്ന ആളുകളുടെ ദൃഷ്ടിയിൽ കൂടെക്കൂടെ കൊണ്ടുവരേണ്ടതും അവർ ഏതെങ്കിലും വിധത്തിൽ വഴിപിഴയ്ക്കുന്നതായാൽ ഉടനെ തിരുത്തേണ്ടതും ആവശ്യമാണ്. അതിനുള്ള ഏകമാർഗ്ഗം ഈ അസംബ്ളി കൂടെക്കൂടെ കൂടുകയെന്നുള്ളതല്ലാതെ മറെറാന്നുമല്ല.

ഓരോ മെമ്പറും മന്ത്രിമാരുടെ വീടുകളിൽ ദിവസവും പോയി രഹസ്യം പറയുന്ന സംപ്രദായമല്ല വേണ്ടത്. പരസ്യമായി വെളിയിലുള്ള ജനങ്ങൾ കൂടി കേൾക്കത്തക്കവണ്ണം, നമ്മുടെ ഗവണ്മെൻറ് എങ്ങോട്ടുപോകുന്നു എന്നു് മറ്റുള്ള ജനങ്ങൾ അറിയത്തക്കവിധത്തിൽ ഈ അസംബ്ളിയുടെ സമ്മേളനങ്ങൾ കൂടെക്കൂടെ നടക്കേണ്ടതാവശ്യമാണ്. എന്നിരുന്നാലും മാസത്തിൽ ഒരിക്കലെങ്കിലും ഉണ്ടായിരിക്കണമെന്നു പറഞ്ഞാൽ എല്ലാ മാസത്തിലും അസംബ്ളി കൂടാൻ നിർബന്ധിതമായിത്തീരും. ചില സന്ദർഭങ്ങളിൽ അങ്ങനെ സാധിച്ചില്ലെന്നു വരും. അതുകൊണ്ടാണ് ഞാൻ ഒരു ഭേദഗതി അവതരിപ്പിക്കുന്നതിനു് ഉദ്ദേശിക്കുന്നത്. "മാസത്തിൽ ഒരിക്കലെങ്കിലും" എന്ന സ്ഥാനത്തു് "കഴിയുന്നതു മാസത്തിലൊരിക്കൽ" എന്നാക്കണ

LIBRARY ARCHIVES Kerala Legislative Assembly

57805

മെന്നാണ് ആ ഭേദഗതി. പ്രായോഗികമായ വൈഷമ്യങ്ങൾകൊണ്ട് രണ്ടാംമാസത്തിലേ ക്രടാൻകഴിഞ്ഞുള്ളു എങ്കിലും അതിനുള്ള സൌകര്യം ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ ഭേദഗതി കൊണ്ടു വന്നിട്ടുള്ളതു്. അതുകൊണ്ട് എന്റെ ഭേദഗതി സഭ അംഗീകരിക്കുമെന്നു വിശ്വസിക്കുന്നു.

MR. THARIATHU KUNJITHOMMEN (*Muvattupuzha II—General*): ഞാൻ ഈ പ്രമേയത്തിന്റെ തത്വത്തോടു യോജിക്കുന്നു. ജനകീയഭരണം വിജയപ്രദമായി തുടരുന്നതിന് ജനസാമാന്യത്തിന്റെ പ്രയാസങ്ങളും അവരുടെ ആവശ്യങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും ജനപ്രതിനിധികൾ ക്രടെക്രടെ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനും ക്രടിയാലോചനകൾ നടത്തി തീരുമാനങ്ങളെടുത്തു ആ തീരുമാനങ്ങളനുസരിച്ചു് ക്യാബിനറ്റു പ്രവർത്തിക്കുന്നതിനും വേണ്ട സൌകര്യം ഉണ്ടാക്കേണ്ടതു് ആവശ്യമാണ്. ദിവാൻ രാഘവയ്യായുടെ കാലത്തു പരിഷ്കരിച്ച നിയമസഭ ആണ്ടിൽ നാലുതവണയെങ്കിലും ക്രടണമെന്നു് വ്യവസ്ഥയുണ്ടായിരുന്നു. അതു വീണ്ടും സർ. സി. പി. പരിഷ്കരിച്ചപ്പോൾ ആണ്ടിൽ മൂന്നുതവണയെങ്കിലുമെന്നാക്കി. ഇന്നാണെങ്കിൽ ഇത്ര പ്രാവശ്യം ക്രടണമെന്നോ ഇത്രനാൾ ക്രടണമെന്നോ ഒരു വ്യവസ്ഥയുമില്ല. ബഡ്ജറ്റ് സെഷൻ കഴിഞ്ഞിട്ടു് നാലുമാസത്തോളമായി. ഈ നാലുമാസങ്ങൾക്കിടയിൽ രാഷ്ട്രീയമായ പല സംഭവവികാസങ്ങളും സാമൂഹ്യമായ പരിവർത്തനശ്രമങ്ങളും അവയുടെ ഫലമായി പല വിപ്ലവസ്വഭാവമുള്ള പ്രവർത്തനങ്ങളും രാജ്യത്തിന്റെ പല ഭാഗങ്ങളിലും നടന്നുകഴിഞ്ഞു. ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നുമുണ്ടു്. എന്നാൽ ജനപ്രതിനിധിസഭ ക്രടി ഇതിനെപ്പറ്റി ചർച്ചചെയ്തു് ഒരു പരിഹാരം ഉണ്ടാക്കുന്നതിനു് യാതൊരു ശ്രമവും ചെയ്തിട്ടില്ല. പ്രായോഗികമായി പറഞ്ഞാൽ, ജനങ്ങൾക്കുണ്ടാകുന്ന ആവശ്യങ്ങളും സങ്കടങ്ങളും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ചോദ്യങ്ങളും പ്രമേയങ്ങളും വഴിയാണു നിയമസഭയിൽ കൊണ്ടുവരേണ്ടതു്. നിയമസഭ അതിനെപ്പറ്റി ചർച്ചനടത്തുകയും ക്രടിയാലോചന നടത്തുകയും വേണം. എന്നാൽ ഇപ്പോൾ നടക്കുന്ന രീതിയിലാണെങ്കിൽ ഇവിടെ വരുന്നചോദ്യങ്ങളുടെ പത്തിലൊരുഭാഗത്തിനു പോലും മറുപടി കിട്ടാൻ വിഷമമായിരിക്കുന്നു. അതുപോലെ തന്നെ അയയ്ക്കുന്ന പ്രമേയങ്ങളുടേയും പത്തിലൊരു ഭാഗംപോലും ആലോചനയ്ക്കെടുക്കാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. J. JOHN : ബഡ്ജറ്റ് സെഷനിൽ അയച്ചിരുന്നതിന്റെ ഏകദേശം പകുതി ചോദ്യങ്ങൾക്കു മറുപടി കൊടുത്തിട്ടുണ്ടെന്നു രാവിലെ ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞതു് അറിയാമോ?

MR. THARIATHU KUNJITHOMMEN : ബഡ്ജറ്റുസെഷനിൽ സഭ കൂടുതൽ ദിവസം കൂടുന്നതുകൊണ്ടു് ഏകദേശം പകുതി ചോദ്യങ്ങൾക്കു് ഉത്തരം പറയാൻ കഴിഞ്ഞുവെന്നേയുള്ളു. എങ്കിലും അതു് മുമ്പിലത്തെ അപേക്ഷിച്ചു് വളരെ കുറവാണു. അങ്ങനെ നോക്കിയാൽ മുമ്പുണ്ടായ കാലത്തേക്കു മാത്രം കൂടുന്ന നിയമസഭകളിൽ ഉത്തരം കൊടുക്കാൻ കഴിയുന്ന ചോദ്യങ്ങളുടെ എണ്ണം വളരെ പരിമിതമായിരിക്കും. ഇങ്ങനെ തുടർന്നാൽ പോരാ. ജനപ്രതിനിധിസഭയിലെ ചോദ്യങ്ങൾ മൂലമാണു് ഗവണ്മെൻറിന്റെ കാര്യങ്ങൾ ജനങ്ങളറിയാനിടവരുന്നതു. ഗവണ്മെൻറിന്റെ നടപടികളെക്കുറിച്ചറിയാൻ ജനങ്ങൾക്കു വളരെ അഭിലാഷമുള്ളതുകൊണ്ടു ചോദ്യങ്ങൾക്കെല്ലാം ശരിയായി മറുപടി കൊടുക്കേണ്ടതു് അത്യാവശ്യമാണു്. അങ്ങനെ മറുപടി കൊടുക്കുന്നതിനു് അവർക്കു് ആവശ്യവും അവകാശവുമുണ്ടു്. അതിനുള്ള അവസരം ശരിയായി നൽകണം. അതല്ലെങ്കിൽ ഈ നിയമസഭാസമ്മേളനം വെറും ഒരു പ്രഹസനമായി പരിണമിക്കുന്നതാണു്. ഈ സഭ അങ്ങനെപരിണമിച്ചുകൊണ്ടിരിക്കുന്നുവെന്നാണു് ഇപ്പോഴത്തെ അവരുടെ ആക്ഷേപം. നാലുമാസം കഴിഞ്ഞിട്ടാണു ഇപ്പോൾ സഭ കൂടുന്നതു. ഇതിനിടയിൽ എന്തെല്ലാം പ്രധാനപ്പെട്ടകാര്യങ്ങൾ ചർച്ചചെയ്യാനുണ്ടായിരുന്നു. അതിനൊന്നിനുംഅവസരമുണ്ടായിരുന്നില്ല. ഇങ്ങനെ തുടർന്നുപോകുന്നതു ഒരു ജനകീയഭരണത്തിനുയോജിച്ചതല്ല. ജനാഭിലാഷമെന്താണെന്നു ഗവണ്മെൻറു കൂടക്കൂടെ അറിയണം. അതല്ലാതെ വല്ലപ്പോഴും ഒന്നുകൂടിയതുകൊണ്ടായില്ല. ഇംഗ്ലണ്ടിലും അമേരിക്കയിലുമൊക്കെ തുടർച്ചയായി കൂടുകയും ചിലപ്പോൾ മാത്രം അവധി കൊടുക്കുകയുമാണു ചെയ്യുന്നതു്. ഇവിടെ നേരേ മറിച്ചുമാണു്. മാസംതോറും നിയമസഭകൂടുന്നതിനു പ്രയോഗികമായി പല പ്രയാസങ്ങളും ഉണ്ടായിരിക്കും. എന്നാലും രണ്ടുമാസത്തിലൊരിക്കൽ തീർച്ചയായും നടത്തണം. അതുകൊണ്ടു രണ്ടുമാസത്തിലൊരിക്കലെങ്കിലും നടത്തണമെന്നു നമുക്കു തീരുമാനിക്കാം. ചോദ്യങ്ങളും പ്രമേയങ്ങളും അയയ്ക്കാൻ ഇപ്പോൾ വളരെ വിഷമമുണ്ടു്. നിയമസഭ കൂടുന്നതിനു വളരെ കുറച്ചുദിവസങ്ങൾ മാത്രമുള്ളപ്പോഴെ ചോദ്യങ്ങളും പ്രമേയങ്ങളും അയയ്ക്കാൻ അനുവാദമുള്ളു. മുമ്പൊക്കെ ഒരു മാസത്തിനു

LIBRARY ARCHIVES Kerala Legislative Assembly

മുമ്പേ ചോദ്യങ്ങളയയ്ക്കാമായിരുന്നു. ഒരു സമ്മേളനം കഴിഞ്ഞുപോകുമ്പോൾതന്നെ അടുത്തസമ്മേളനത്തിലേക്കുള്ള ചോദ്യങ്ങൾ എഴുതികൊടുത്തിട്ടുപോകാൻ സ്വാതന്ത്ര്യമുണ്ടായിരുന്നു. ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ അച്ചടിച്ച മേശപ്പുറത്തു വയ്ക്കുമായിരുന്നു. ഇന്നാണെങ്കിൽ എല്ലാം സെക്രട്ടറിയുടെ മേശപ്പുറത്തു് വയ്ക്കുകയാണു്. മെമ്പറന്മാരുടെ മേശപ്പുറത്തു് ഉത്തരങ്ങൾ വച്ചിരുന്നുവെങ്കിൽ സപ്ലിമെൻററി ചോദ്യങ്ങൾ ചോദിക്കാൻ വളരെ സൗകര്യമുണ്ടായേനേ. സൗകര്യങ്ങൾ കുറച്ചാണല്ലോ ഗവണ്മെൻറു ശ്രമിക്കേണ്ടതു്. കൂടുതൽ കൂടുതൽ സൗകര്യങ്ങളുണ്ടാക്കിക്കൊടുത്തു ജനഹിതം അറിയാൻ ശ്രമിക്കണം. ഉത്തരങ്ങൾ അച്ചടിച്ച മെമ്പറന്മാരുടെ മേശപ്പുറത്തു വയ്ക്കാൻ വ്യവസ്ഥ ചെയ്യണം. രണ്ടുമാസത്തിലൊരിക്കലെങ്കിലും സഭ തീർച്ചയായും കൂടിയിരിക്കണമെന്നും തീരുമാനിക്കണം.

MR. P. S. MOHAMMED : കഴിയുന്നതു മാസത്തിലൊരിക്കൽ എന്നായാൽ പോരേ?

MR. THARIATHU KUNJITHOMMAN : "കഴിയുന്നതു്" എന്നുള്ള വിശേഷണം "കഴിയുന്നിതു്" എന്നായിരുന്നു. അതുകൊണ്ടു് ആ വിശേഷണം എടുത്തുകളയണം. സഭ ഇന്നത്തോടെല്ലാം കൂടിയിരിക്കണമെന്നു് ഖണ്ഡിതവും സുനിശ്ചിതവുമായ ഒരു തീരുമാനമെടുക്കണം. രണ്ടുമാസത്തിലൊരിക്കൽ നിശ്ചയമായും കൂടിയിരിക്കണമെന്നു വ്യവസ്ഥ ചെയ്യുകയാണു നല്ലതു്.

MR. ABUL MAJEED : ബഹുമാനപ്പെട്ട മെമ്പർ ഒരു ഭേദഗതി അവതരിപ്പിക്കുകയാണോ?

MR. THARIATHU KUNJITHOMMEN : ഇതു് ഭേദഗതിയായാലും കൊള്ളാം, അഭേദഗതിയായാലും കൊള്ളാം, ഞാൻ എന്റെ അഭിപ്രായം പറയുകയാണു്. (ചിരി) ജനങ്ങളുടെ ആവശ്യങ്ങളും അഗ്രഹങ്ങളും പറയുകയാണു്. ജനക്ഷേമം കാംക്ഷിക്കുന്നവരാണു് നാം, അതിനായി കൂടിയാലോചനകൾ നടത്തി അതിന്റെ വെളിച്ചത്തിൽ ആവശ്യമുള്ള പരിപാടികൾ നമുക്കു സ്വീകരിക്കാം. എന്റെ അഭിപ്രായമാണു ഞാൻ പറയുന്നതു്. ഇതുയും പറഞ്ഞുകൊണ്ടു പ്രമേയത്തിന്റെ തത്വത്തോടു് അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. P. BALAKRISHNAN TAMPI: I am completely in agreement with the sentiments expressed by the Hon'ble Mr. Kunjithommen. I heartily sympathise with the spirit of the resolution moved by Mr. Mustaffa and further seconded by another Honourable member. I welcome the enthusiasm far more for greater parliamentary activities. He comes from a party which no longer exists as a separate one in the legislature. He has now come in for secular political work and I think this resolution is the outcome of his new enthusiasm. I can understand, and I can sympathise with the resolution if it merely means that the executive must find money for the meetings of the legislature and if it costs the willingness of the Government to meet the members of the legislature in session. Then it would have been an idea which I should have welcomed. But this House is aware that we can manage all the good things that we could achieve by frequent meetings of the legislature if only we impose upon ourselves certain restrictions. If you bring about certain conventions, I for one, feel appalled, for all the ideas of honourable members centre round certain subjects. We see ever so many members sending questions on the same subject. They are wasting a lot of stationery. In the matter of sending questions we must impose certain restrictions upon ourselves.

Every honourable member of this House should understand that for one question, in terms of money, in terms of activities of Government servants etc., at least Rs. 25 is wasted on the average. I do not talk anything in terms of caloric energy that is required for answering these questions. When an honourable member sends in a question he must understand that he is causing work, often extra work, to the Government Press. They have to do night work on account of this reason. This can be remedied only if the honourable members ceases ending too many questions. In saying this I do not wish to be disrespectful to my honourable colleagues. They are showing some enthusiasm in nursing their constituency sending hundred questions regarding all the roads in one locality. If they had confined their subjects to important topics, certainly this House would have had enough time for answering them.

MR. T. A. ABDULLA : Has my honourable friend sent any question so far ?

MR. P. BALAKRISHNAN TAMPI: Yes, most of these questions could be answered by a departmental head. If we cannot confine our subject to important topics why should we say that this House is not meeting every now and then ? There is no use in accusing the Government for not meeting occasionally. If we are to meet in every month we will not be giving the members of the Government executive sufficient time to concentrate their attention on the executive work. We have been trained to another school of thought and we have been trained to attack the Government. It must

LIBRARY ARCHIVES Kerala Legislative Assembly

have been useful in the past. But in a popular Government that is not going to be of much use. But unfortunately, one honourable member, whose enthusiasm for public affairs descended down to parliamentary affairs.....

MR. PRESIDENT : You will please confine yourself to the subject matter of the resolution.

MR. P. BALAKRISHNAN TAMPI : That honourable member was speaking in disparaging terms about the legislatures that have been conducted during the past years. His comparison of the old legislatures with the present one is not carrying much weight. In the previous occasions, his attention was engaged in reading the Bills. Then they had not time to indulge in political matters. In this talk there is no life and heat and perhaps not much light,

MR. K. S. JOSEPH (*Thiruvalla VI—General*) : Is the honourable member supporting or opposing the resolution ?

MR. P. BALAKRISHNAN TAMPI : It is a matter of intellectual defect.

Therefore the idea of meeting every month is not acceptable for reasons of convenience also. It will be very inconvenient to attend to the legislative work always. After all have we as much to do as the House of Commons has in the matter of foreign policy and all that ? We have heard about China holding nocturnal meetings. Have we any such need ? The only thing we are to do is to confine our questions and subjects to important topics. In this connection, I remember the opinion expressed by thoughtful sections of Indian politics saying that these provisional legislatures should all be abolished to save 90 crores of rupees every year. There was a proposal that all the legislative functions should be centralised. At the same time we are expending our energies in the matter of provincial or State legislatures. We will clearly see that it is not fair either to the Ministry or to the honourable members if the honourable members are compelled to be present or immersed in the legislative work every fortnight or month or every two months. I oppose both the resolution put forward by my friend Mr. Mustafa and also the amended resolution of my friend the honourable Muthalaly.

MR. KRISHNAN AIYAPPAN : പ്രമേയാവതാരകനും മി. അസ്സീസും പറഞ്ഞതുപോലെ പല നല്ലവശങ്ങളും ഇതിൽ ഉണ്ട്. മി. മാള്യേക്കൽ അഭിപ്രായപ്പെട്ടതുപോലെ വളരെ അത്യാവശ്യമായി നടപ്പിലാക്കേണ്ട പ്രാദേശികാവശ്യങ്ങളും ഗവണ്മെൻറിന്റെ ശ്രദ്ധയിൽ ഉടനടി പതിപ്പിച്ച പരിഹാരമുണ്ടാക്കുന്നതിനായി മന്ത്രിമാരെ ഉൽബോധിപ്പിക്കേണ്ടതു് അത്യാവശ്യമാണു്. വെറും പാട്ട

LIBRARY ARCHIVES Kerala Legislative Assembly

[Mr. Krishnan Aiyappan.]

കുടിയാന്മാക്ക് കിട്ടുന്ന ദേഹണ്ഡവിലയെ സംബന്ധിച്ച് ചോദ്യമുണ്ടായപ്പോൾ–അതിനു ശരിയായ ഒരു നിയമമുണ്ടാക്കണമെന്നു പറഞ്ഞപ്പോൾ–അതിനു മറുപടി കിട്ടിയില്ല. ഞാൻ പ്രതിനിധീകരിക്കുന്ന ചേത്തല താലൂക്കിനെ സംബന്ധിച്ചു ഞാൻ നിയമസഭാ മെംബറായ കാലം മുതൽ ഒരു ചോദ്യം എല്ലാ അസംബ്ളിയിലും അയച്ചുകൊണ്ടിരുന്നു. ആ ചോദ്യം, ചേത്തലതാലൂക്കിൽ കൃഷിക്കാക്ക്, വസ്തുവിൽ ദേഹണ്ഡിക്കുന്നവക്ക് കിട്ടിവരുന്ന ദേഹണ്ഡവില വളരെ കുറവാണെന്നും അതാണ് ചേത്തല താലൂക്കിലെ സർവ്വ അസ്വാസ്ഥ്യങ്ങൾക്കും കാരണമെന്നും അതിനാൽ ആ രീതി പരിഹരിക്കുന്നതിനു സത്വരനടപടികൾ കൈക്കൊള്ളണമെന്നും ഉള്ളതിനെ സംബന്ധിച്ചായിരുന്നു. വാസ്തവത്തിൽ ആ താലൂക്കിലെ അസ്വാസ്ഥ്യങ്ങൾക്കുള്ള യഥാർത്ഥകാരണം അതാണ്. കോടതിമുഖാന്തിരം വസ്തു ഒഴിപ്പിക്കുമ്പോൾ ഒരു തൈക്കു ൪൦ രൂപാ കൊടുത്തക്കവണ്ണം വിധികല്പിക്കുകയാണെങ്കിൽ ഒന്നൊന്നരകൊല്ലം കഴിഞ്ഞു അതു് ആളായത്തിലായാൽ ആ കോടതി തന്നെ വീണ്ടും പണമാണ് അതിനു ദേഹണ്ഡവില വിധിക്കുന്നതു്. ഇതിനു നിയമസാധുത്വംകൂടി ഹൈക്കോടതി വിധികൾമൂലം ഉണ്ടായിരിക്കയാണ്. അല്ലാതെ കമ്മ്യൂണിസ്റ്റുകാരുടെ പ്രേരണകൊണ്ടൊന്നുമല്ല ഇക്കാര്യങ്ങളിൽ അവിടെ അടിക്കടി അസ്വാസ്ഥ്യങ്ങൾ ഉണ്ടാകുന്നതു്. ഇതിനുള്ള കാരണം തൽസംബന്ധമായ കാര്യങ്ങൾ ശരിപ്പെടുത്തുന്നതിനു ചോദ്യങ്ങൾ അയച്ചാൽ അവയ്ക്കു ശരിയായ മറുപടി ലഭിക്കാതിരിക്കുകയും അതിനു നിയമനിർമ്മാണം ചെയ്യാതിരിക്കുകയുമാണ്. ഈ തവണയും ഞാൻ ഇതു സംബന്ധിച്ചു് ഒരു ചോദ്യം അയച്ചിരുന്നു. ഇപ്രകാരം അടിയന്തിരമായി നിയമസഭ മുഖാന്തിരം ചെയ്യേണ്ട സംഗതികൾ ചെയ്യുന്നതിനായും ഗവണ്മെൻറിന്റെ സത്വരശ്രദ്ധ ഇക്കാര്യങ്ങളിൽ പതിക്കുന്നതിനുമായി–അതായതു് പ്രാദേശികകാര്യങ്ങൾ ഗവണ്മെൻറിന്റെ ദൃഷ്ടിയിൽപ്പെടുന്നതിനു വേണ്ടി അധികം നീണ്ടുപോകാതെ നിയമസഭ കൂടത്തക്കവണ്ണം ഒരു വ്യവസ്ഥ ചെയ്യേണ്ടതാണെന്നുള്ളതിനാൽ ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

MR. K. S. JOSEPH: I agree with the spirit of Mr. Mustafa's resolution; that the legislature should be given more opportunities and longer terms to discuss matters. It happens that the matters of policy which we have to discuss freely in this House is probably increasing. For example, there is the textile distribution policy. Government seem to be groping in the dark. They are now thinking

LIBRARY ARCHIVES Kerala Legislative Assembly

of distributing cloth in the way in which it was done on the last occasion. It is a very serious problem at present. If a resolution was brought in and a discussion was allowed in this House all members would have given their different views regarding all the difficulties that they experienced in the past.

HON'BLE MR. A. J. JOHN: May I know whether the member has sent any resolution on that ?

MR. K. S. JOSEPH: I am supporting the spirit of Mr. Mustafa's resolution. Now, as it is, the period is so short and the meeting hastely called up, and the possibility of extension is almost ruled out in theory and practice. During the Budget Session we had 42 items for discussion in the Budget. We found time only for a few subjects. All the other items were passed without any discussion on them. If they are to be discussed properly we require some more time at least, half a day per grant—twenty to twenty one days. In the course of the interpellations and answers given often questions of policy arise which should be discussed freely so that it will be advantageous both to the Government and the House. It is better to have debates on such questions so that policy would always be in consonance with the wishes of the representatives of the people. My friend Mr. Tampi suggested that, though not in spirit, he was almost in sympathy with the idea that these provincial legislatures should be abolished. I am unable to agree with my honourable friend. If in a country like ours, where we visualize Panchayat Raj, where small units are supposed to function, where people in small units are supposed to look after their own interest and manage them themselves, it is better to have more parliamentary activities than cutting them short to the minimum. I think it will be more advantageous to have meetings oftener and for longer periods at a time.

MR. ALEXANDER VAKAYIL: ബഹുമാനപ്പെട്ട മെംബർ മിസ്റ്റർ മുസ്തഫാ ഇവിടെ അവതരിപ്പിച്ച പ്രമേയത്തിലെ തത്വത്തോട് ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട മന്ത്രിസഭയാണ് തിരുവിതാംകൂർരാജ്യം ഭരിക്കുന്നത്. നമ്മുടെ ലക്ഷം ജനങ്ങളുടെ പ്രതിനിധ്യം വഹിക്കുന്ന ഈ നിയമസഭയുടെ നിർദ്ദേശങ്ങളും ഉപദേശങ്ങളും മന്ത്രിസഭയ്ക്കാവശ്യമാണ്. അതുകൊണ്ട് ഈ നിയമസഭ കഴിയുന്നത്ര കൂടക്കൂടെ കൂടേണ്ടതാവശ്യമാണ്. പൊതുജനാഭിപ്രായത്തെ നിഷേധിച്ചുകൊണ്ടുള്ള ഒരു ഭരണം ഒരു രാജ്യത്തും ഒരു സ്ഥലത്തും അതിജീവിക്കുവാൻ പോകുന്നില്ല. നമ്മുടെ നിയമസഭ കൂടക്കൂടെ കൂടേണ്ടതു വളരെ അത്യാവശ്യമാണ്. എന്റെ അറിവു ശരിയാണെങ്കിൽ പണ്ടത്തെ നിയമസഭയിൽ നൂറ് അംഗങ്ങളെ ഉണ്ടായിരുന്നുള്ളൂ. അതിൽ ഇരുപത്തഞ്ചു പേർവരെ തിരഞ്ഞെടുക്ക

LIBRARY ARCHIVES Kerala Legislative Assembly

[Mr. Alexander Vakayil.]

പ്പെട്ടവർ ആയിരുന്നു. എന്നാൽ ഇന്നാണെങ്കിൽ പ്രായപൂർത്തിവോട്ട വകാശാടിസ്ഥാനത്തിന്മേൽ തിരഞ്ഞെടുക്കപ്പെട്ട ഫഠം അംഗങ്ങളുണ്ട്. അന്ന് ബഡ്ജറ്റ് സെഷൻ ഫർ ദിവസമാണുണ്ടായിരുന്നത്. ഈ കഴിഞ്ഞ ബഡ്ജറ്റ് സെഷനും നമുക്ക ഫർ ദിവസംമാത്രമെ ഉണ്ടാ യിരുന്നുള്ളൂ. നാം അംഗങ്ങളുണ്ടായിരുന്നകാലത്ത് ഡിമാൻഡ്സിനു ഏഴു ദിവസം അനുവദിച്ചിരുന്നു. ഈ കഴിഞ്ഞ ബഡ്ജറ്റ്സെഷനും ഡിമാൻഡിസിനു ഏഴു ദിവസം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതു മൂലം അതിപ്രധാനങ്ങളായ ഫാമിസ്റ്റ്, പി. ഡബ്ലിയു. ഡി., ഫുഡ്, മെഡിക്കൽ, ഇൻകംടാക്സ് മുതലായ സംഗതികളെക്കുറിച്ച് ഒന്നും പറയാൻ സാധിച്ചില്ല. യാതൊരു ചർച്ചയുംകൂടാതെതന്നെ അതെല്ലാം പാസ്സായിപ്പോയി. ഞങ്ങൾ ഇവിടെനിന്നും ഞങ്ങളുടെ നിയോജകമ മണ്ഡലത്തിൽ ചെല്ലുമ്പോൾ . . . . . .

MR. P. M. VARGHESE (*Thodupuzha II—General*) : ചർച്ച വേണ മെന്നു മെംബർ ആവശ്യപ്പെട്ടുവോ ?

MR. ALEXANDER VAKAYIL : സമയം ഉണ്ടായിരുന്നില്ല.

MR. K. M. CHANDY (*Meenachil I—General*) : അതെല്ലാം ചർച്ച ചെയ്യാൻ സാദ്ധ്യമല്ലെന്നു മെംബർക്കുതന്നെ അറിയാൻ പാടില്ലേ ?

MR. P-M. VARGHESE : ഒരു മെംബർക്കുവേണ്ടി മറെറാരു മെംബർ മറുപടി പറയുന്നതു ശരിയാണോ ?

MR. ALEXANDER VAKAYIL : ഫഠം പേരുള്ളപ്പോൾ ഫർ ദിവസം; നാം പേരുണ്ടായിരുന്നപ്പോഴും ഫർ ദിവസം; ഇതൊട്ടും ശരിയല്ല. കഴിഞ്ഞപ്രാവശ്യം പൊതുഭരണത്തെക്കുറിച്ചു അഭിപ്രായം പറയാൻ വളരെ പ്രയാസമുണ്ടായിരുന്നു.

HON'BLE MR. A. J. JOHN : കഴിഞ്ഞ അസംബ്ലിയിൽ ജനറൽ ഡിസ്കഷനു ഒരു ദിവസം കൂടുതൽ ഉണ്ടായിരുന്നുവെന്നു അറിയാമോ?

MR ALEXANDER VAKAYIL: ഉണ്ടായിരുന്നു പക്ഷെ ഈ നില വളരെ ശോചനീയമാണ്. ബ്രിട്ടീഷ് പാർലമെൻറ് ഒരു കൊല്ല ത്തിൽ ഫ൭൦ ദിവസം പ്രവർത്തനം ചെയ്യുന്നുണ്ട്. ഇൻഡ്യൻ യൂണി യൻ പാർലമെൻറും, പ്രൊവിൻഷ്യൽ പാർലമെൻറുകളും അതുപോ ലെതന്നെ ധാരാളം ദിവസം പ്രവർത്തനം ചെയ്യുന്നുണ്ട്. കഴിയുന്നത്ര വേഗത്തിൽ നിയമസഭ വിളിച്ചുകൂട്ടാറുണ്ട്. അതുകൊണ്ടു നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ കൂടക്കൂടെ വിളിച്ചുകൂട്ടി ജനപ്രതിനിധികളുടെ അഭിപ്രായവും ഉപദേശവും അനുസരിച്ചു മന്ത്രിസഭ ഭരണം നടത്തണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

കൂടാതെ നിയമസഭയിലെ അംഗങ്ങൾക്കു കൂടുതൽ സുഖവും കിട്ടത്തക്കവണ്ണം സ്ഥലസൗകര്യങ്ങൾ ഉണ്ടാക്കണം. മിസ്റ്റർ മുസ്തഫാ ഇവിടെ അവതരിപ്പിച്ച പ്രമേയം അനുസരിച്ചു ഈ നിയമസഭ കഴിയുന്നതു കൂടക്കൂടെ കൂടണമെന്നുള്ള കാര്യക്ഷമമായ അഭിപ്രായത്തോടു യോജിച്ചുകൊണ്ടു ഞാൻ അതിനെ പിൻതാങ്ങുന്നു.

MR. A. P. UDAYABHANU: I oppose the resolution. It is going to put more money into our pockets by way of daily allowance and travelling allowance but it may be a waste of the precious time on the part of members on the treasury benches. Apart from the T. A. and D. A. that it will bring us it is not going to serve any other purpose.

MR. ABDUL AZIZ: കൺസോളിഡേറഡ് അലവൻസ് വാങ്ങിക്കുന്നവർക്കോ?

MR. A. P. UDAYABHANU: That is why I am opposing it. It is very obvious that honourable members who measure their distances can have more money in their pockets. I do not think, it will serve any other purpose, or that it will be advantageous, to the country.

MR. EAPEN ARACKAL: On a point of order Sir. I want to have a ruling from the Chair. Is it the parliamentary way of expressing "for getting more money"?

MR. P. BALAKRISHNAN TAMPI: Then it may be said "to deal with the financial side of the matter." (*laughter*)

MR. A. P. UDAYABHANU: I said that except for the above purpose it is not going to serve any other purpose.

I think the Honourable Member will be more sharp in these matters. We know, the democratic Governments tend to become party Governments, and in party Governments we know that matters are discussed and settled in the party and as matters are obtained in Travancore today we have no more need for the frequent meetings of the legislature. Today, in this short session we have found that we have been able to rush through very many important Bills. Many important Bills were passed here without any kind of amendments.

MR. N. DANIEL JOSE: Does the member mean to say that the legislation should be rushed through in this House?

MR. T. A. ABDULLA: പാർട്ടി പ്രവർത്തനങ്ങളെപ്പറ്റി ഈ നിയമസഭയിൽ വാദപ്രതിവാദം ചെയ്യുന്നതു ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT : അതേപ്പറ്റി നിയമസഭയിൽ വാദപ്രതിവാദം ചെയ്യേണ്ട ആവശ്യമില്ല.

MR. A. P. UDAYABHANU : My honourable friend will understand that I was not arguing the good things and the bad things going on in the party. I was only saying that when party Governments function you can eliminate a good deal of discussions within the House.

MR. P. S. MOHAMMED : പാർട്ടിയിലുള്ളവർക്കല്ലാതെ വെളിയിലു ള്ളവർക്ക് അതിന്റെ advantage കൊടുക്കരുതെന്നാണോ പറയുന്നത്?

MR. A. P. UDAYABHANU : It is the weight of numbers that matter in democratic Governments.

MR. PRESIDENT : മി ഉദയഭാനു റസല്യൂഷനെപ്പറ്റിമാത്രം സംസാരിച്ചാൽ മതി.

MR. A. P. UDAYABHANU : I am discussing the resolution in the present setting in Travancore and the setting that is possible in any democratic country. When Democratic Governments function there will be party Governments and when party Governments rule the country there will be many things that should be discussed which may not be discussed. A good deal of work may be.....

MR. PRESIDENT : ഒരു മണിയായിരിക്കുന്നതിനാൽ സഭ ഇപ്പോൾ പിരിയുന്നതും വീണ്ടും രണ്ടു മണിക്കു കൂടുന്നതുമാണ്.

The House adjourned for lunch at 1 p. m. and re-assembled at 2 p. m. with the President in the Chair.

MR. N. DANIEL JOSE : Sir, on a point of information. Can a member of the Legislature be arrested while on his way to the Legislature?

MR. PRESIDENT : I would like to hear the honourable Law Member on the point.

HON'BLE MR. A. J. JOHN : As far as I know, no member is arrested on his way to the Legislative Chamber.

MR. N. DANIEL JOSE : May I know whether the Chair is aware that a member of this House has been arrested? I want to know whether the member was arrested while on his way to the Chamber and whether the Chair is aware that the member has been arrested this morning.

MR. PRESIDENT : I am not aware that any member is arrested.

MR. A. P. UDAYABHANU : We were discussing the resolution as to whether there must be a sitting of the House every month and I was opposing that resolution. The main items of business to be transacted on the floor of the House are (1) questions and answers.

LIBRARY ARCHIVES Kerala Legislative Assembly

(2) resolutions, (3) enunciation and initiation of policies, (4) legislative business and (5) passing the budget. As far as these things are concerned, I think the things that loomed largest in the discussion were questions and answers. As far as questions and answers are concerned it is only one hour per day that is alloted for questions and answers, and I do not think that a session of the House need be summoned for that alone. Many of the questions can be directly put to the Minister and answers can be elicited, that is, a member can write to the Minister concerned and the answer can be had from him.

So far as the resolutions are concerned, as I pointed out already when parties are functioning and functioning very tightly, resolutions are very often discussed and disposed of in the party meeting itself. Therefore, that also may not find much place on the floor of the House.

As far as policies are concerned, the policy will be the policy of the party that governs and the policy of the party that governs will be discussed and settled in the party meeting.

Again, there is legislative business. I think we have to our credit the largest number of bills this time. We have been able to pass a large number of bills which would ordinarily have taken, say, one month's time in the normal course of business. We have been able to do a good deal of legislative business in this sitting and many of them have been the Acts that have been passed by the Dominion Parliament. In fact we have been only working as a relaying station and I think in future the function of the Provincial Legislatures will be more like the relaying stations of the Dominion Parliament. That being so, I don't think that even legislative business is going to take much of our time. After all we don't require to read the Bills. If they are passed in the Dominion Legislature and the same bills are taken here I don't think much discussion need take place on those bills. But for formality, we have to see that the bills go through three readings in this House. That is all. That is almost a technical thing. So the bills have to be taken here and baptism has to take place in this House. In fact the discussion is not very much.....

MR. N. DANIEL JOSE: May I know why the member feels that bills which are passed in the Dominion Legislature need not be discussed fully before they are passed in this House?

MR. A. P. UDAYABHANU: Because men with more wisdom have discussed matters in the Central Legislature and here it will be merely waste of time in the Legislature and also waste of tax-payers' money. Why should we do so? If the bills have to be amended, as I said they can be discussed in the party meetings and sometimes even without discussions, they can be disposed of in the party and therefore I don't think that the "precious" time of the legislature should be taken away for this. Even for legislative business, I don't think a sitting of the House is necessary except for a technical thing, that is, going through three readings. For that also, a monthly sitting is not necessary.

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. P. Udayabhanu.]

With regard to the Budget, a monthly sitting is not necessary. It is only in Karkatakam we must have it. In view of these facts, practically as things are at present, I do not think there is any necessity for a monthly sitting, and I oppose the resolution.

MR. P. NANOO : I move that the question be now put.

MR. PRESIDENT : Before your motion was moved, Miss Mascarene has stood up. So, let her also speak before the closure motion is put.

MISS ANNIE MASCARENE (*Trivandrum I—Latin Catholic*) : I oppose the resolution. True it is that the history of democratic institutions in the west has proved that constant legislatures have proved the efficiency of democratic rule. True it is that constant legislatures keep the public mind open to the fundamentals of democracy and the day-to-day administration. True it is that political education of the people is enhanced to a great extent by constant legislatures. But, efficiency and expediency are fundamental principles to the true working of democracy. By holding legislatures once in three months we don't deny the opportunities to the people of Travancore for understanding the fundamentals of democracy, the principles of day-to-day administration. Nor can be admitted today, judging the standard of literacy and education in the State that the citizens of the State do require constant instruction in the legislative procedure. But administration, true democracy, demands that efficiency must be allied with expediency and for that, the co-operative working of the true principles, sufficient time, finance and attention are required. As it is today, looking at the practical working of this Government, we are able to understand that with the introduction of democracy, the new Ministries and the working of the administration, the retrenchment schemes have delayed and dislocated the working of the machinery and so constant legislatures will only aggravate the situation. I am not in favour of legislatures being held once in three months only but I oppose the motion that a session of the legislature should be held every month. Maybe work will be done, but if efficient work should be done, expediency should be taken into consideration. Legislatures should meet oftener than once in three months but not once every month. For these reasons I oppose the resolution and I agree with those members who argued that sessions of the legislature should be held more than once, not every month, but every other month or every third month.

The motion for closure was put to vote and carried.

HON'BLE MR. A. J. JOHN : ഈ പ്രമേയം ഇതേനിലയിൽ സ്വീകരിക്കുവാൻ സാധിക്കുകയില്ല. ഇൻറീം കാൺസ്റ്റിറ്റ്യൂഷൻ ആക്ടിലെ ഫർ-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നതു് ൻ്റ മാസത്തിൽ ഒരിക്കലെങ്കിലും നിയമസഭ വിളിച്ചുകൂട്ടണമെന്നാണു്. ആ വകുപ്പിൽതന്നെ നിയമസഭവിളിച്ചുകൂട്ടേണ്ടതു് എപ്പോഴെല്ലാമാണെന്നു് നിശ്ചയിക്കുന്നതിനുള്ള അധികാരം പ്രസിഡൻറിനാണെന്നുള്ളതും വിവരിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

Standing Order 3.

(1) The President shall by notification appoint the date and place for a session of the Assembly.

(2) The Secretary shall issue a summons to each Member specifying the date and place for a session of the Assembly.

(3) The Assembly shall sit on such days as the President having regard to the state of business of the Assembly, may, from time to time direct.

നിയമസഭ കൂടേണ്ടതായ ആവശ്യമുണ്ടെന്നു പ്രസിഡൻറിനു ബോദ്ധ്യംവന്നാൽ ൧൨ മാസത്തിനുള്ളിൽ എത്രതവണ വേണമെങ്കിലും സഭ വിളിച്ചുകൂട്ടാവുന്നതാണ്. അപ്രകാരം വിളിച്ചുകൂട്ടുന്ന സഭയ്ക്കു ചെയ്യേ തീരേണ്ടതായി ജോലികൾ ഉണ്ടായിരിക്കണമെന്നു ഉള്ള. സ്റ്റാൻഡിംഗ് ആർഡർ ൩ അനുസരിച്ച് ഓരോ സെഷനും എത്ര ദിവസം വേണമെന്ന് നിശ്ചയിക്കുന്നതിനുള്ള അധികാരവും പ്രസിഡൻറിനേറതാണ്. ബില്ലുകൾ പാസ്സാക്കുക, സപ്ളിമെൻററി ഗ്രാൻറു ആവശ്യപ്പെടുക, മുതലായ സംഗതികൾ ഉള്ളപ്പോഴാണ് നിയമസഭ സാധാരണ വിളിച്ചുകൂട്ടുന്നത്.

മാസംതോറും നിയമസഭ കൂടണമെന്നുള്ള വ്യവസ്ഥ ഇൻഡ്യയിൽ ഒരിടത്തും ഉള്ളതായി അറിവില്ല. സെൻട്രൽ അസംബ്ലിയുടെ കൂട്ടുകളാണ് മിക്കവാറും ഇവിടെയും സ്വീകരിച്ചിരിക്കുന്നത്. മാസത്തിൽ ഒരു സെഷൻ നടത്തണമെന്നുള്ള വ്യവസ്ഥ സെൻട്രൽ അസംബ്ലിയിൽ ഇല്ല. ഇൻഡ്യയിലെ ഒരു പ്രോവിൻസിലെ നിയമസഭയിലും ഇങ്ങനെ ഒരു വ്യവസ്ഥയുള്ളതായി അറിവില്ല. ഇൻഡ്യൻസ്റ്റേറുകളിലും ഇപ്രകാരം വ്യവസ്ഥ ഇല്ലെന്നാണ് അറിയുന്നത്.

ഇതിനുപുറമേ മാസംതോറും നിയമസഭ നടത്തുന്നതായാൽ നിയമസഭയ്ക്ക് ഒരു വലിയ സ്റ്റാഫു് ആവശ്യമായി വരുന്നതാണ്. ഡിപ്പാർട്ട്മെൻറൽ ഹെഡ്സിനും സെക്രട്ടേറിയററിനും വളരെ കൂടുതൽ ജോലികൾ ഉണ്ടാകുന്നതായിരിക്കും. ചോദ്യങ്ങൾക്ക് ഉത്തരം തയ്യാറാക്കുന്നതിനു തന്നെ അധികസമയവും ഉപയോഗിക്കേണ്ടതായി വരും. മെമ്പറന്മാർക്കും ഇതുവളരെ അസൗകര്യമായിരിക്കുമെന്നാണ് അറിയുന്നത്.

ഇതിനുമുമ്പു നിലവിലിരുന്ന നിയമസഭ ആണ്ടിൽ സാധാരണ മൂന്നുപ്രാവശ്യമാണ് കൂടിക്കൊണ്ടിരുന്നത്. ചിലപ്പോൾ നാലുപ്രാവശ്യവും കൂടും. ഒന്ന് ബഡ്ജറു സംബന്ധിച്ചു സമ്മേളനമായിരിക്കും. അതു് ഉദ്ദേശം ഫെബ്രു, മാർ ദിവസം കാണും. ഈ ദിവസങ്ങൾ കുറേ

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. A. J. John.]

ക്രടി ക്രട്ടത്തലാക്കേണ്ടതായി വന്നേയ്ക്കാം. അതു ക്രടാതെയുള്ള സമ്മേളനങ്ങൾ അഞ്ചോ, ആറോ ദിവസം കാണും. ഒരു കൊല്ലത്തിൽ നാ സമ്മേളനങ്ങൾ ആണെങ്കിൽ ഉദ്ദേശം നാറു ദിവസങ്ങളും ർ ആണെങ്കിൽ നാ൭ ദിവസങ്ങളും ആകും.

പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതു് "മാസത്തിൽ ഒരിക്കലെങ്കിലും നാ ദിവസത്തിൽ കുറയാതെ നിയമസഭ ക്രടേണ്ടതാണു്" എന്നാണു. അതായതു് ബഡ്ജറ്റു് സെഷൻ ഒഴിച്ചു് ഇപ്പോഴത്തെ ഫ൭-ം, ൨൦-ം, ദിവസങ്ങൾക്കു പകരം നാനാ ദിവസങ്ങളെങ്കിലും സഭ ക്രടണമെന്നാണു. ഇതു് വളരെ അസൗകര്യവും പ്രയാസവും ഉണ്ടാകുന്നതാണു്.

ഇപ്പോഴുള്ള രീതി മാറ്റപ്പെടുത്തണമെന്നു തോന്നുന്നില്ല. കഴിയുന്നതും ക്രടുതൽ സെഷൻസു നടത്തുവാൻ ശ്രമിക്കുന്നതാണു്. ബഡ്ജറ്റു് സെഷൻ ഉൾപ്പെടെ നാ സെഷൻസു എന്നുള്ളതു ർ സെഷൻസ് ആക്കുവാൻ ശ്രമിക്കാം. അതും ഖണ്ഡിതമായി പ്രസ്താവിക്കുവാൻ സാധ്യമല്ല. ചെയ്യേതീക്കേണ്ടതായ ജോലി അനുസരിച്ചു് ക്രടുതൽ സെഷൻസു് ക്രടാമായിരിക്കും. ഈ ഉറപ്പിനെ പരിഗണിച്ചു പ്രമേയം പിൻവലിക്കണമെന്നു് അഭ്യർത്ഥിച്ചുകൊള്ളുന്നു.

MR. MOHAMMED MUSTAFA : സർ, ഇതുവരെയുണ്ടായിട്ടുള്ള നിയമസഭാസമ്മേളനങ്ങളും പൊതുജനാഭിപ്രായം പ്രതിഫലിപ്പിക്കുവാൻ പര്യാപ്തമായിരുന്നില്ലാ എന്നു ഈ സഭയിലെ എല്ലാ മെംബറന്മാരും അഭിപ്രായപ്പെട്ടു. അതിൽ എല്ലാവരും ഏകാഭിപ്രായക്കാരായിട്ടാണു കണ്ടതു്. ഗവണ്മെൻറുപക്ഷത്തുനിന്നുതന്നെ അതു സമ്മതിച്ചിട്ടുണ്ടു്. മേലാൽ പൊതുജനാഭിപ്രായം ഈ സഭയിൽക്കൂടി പ്രതിഫലിപ്പിക്കത്തക്കനിലയിൽ നിയമസഭ വിളിച്ചുക്രട്ടുന്നതാണെന്നു ഗവണ്മെൻറു ഉറപ്പു തന്നിരിക്കുന്നതുകൊണ്ടു ഞാൻ ഈ പ്രമേയം പ്രസ്സു് ചെയ്യുന്നില്ല.

The resolution, by leave, was withdrawn.

RESOLUTION RE : DEVELOPMENT OF LIBRARIES.

MR. N. DANIEL JOSE : Mr. President, Sir, this is the resolution I seek to move :

> "This Assembly resolves that Government should take immediate steps to resume the management of the Trivandrum Public Library, merge with it the Education

LIBRARY ARCHIVES Kerala Legislative Assembly